**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5622 — 18.11.2019 ൽ മറുപടിക്ക്

## കരിവെള്ളൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|
| പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയെങ്കിലും അടിസ്ഥാന സൗകര്യത്തിലും സേവനത്തിലും സി.എച്ച്.സി.നിലവാരത്തിലേക്ക് എത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ സി.എച്ച്.സി നിലവാരത്തിലെത്തിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | സാമൂഹികാരോഗ്യകേന്ദ്രമായി ഉയർത്തിയ കരിവെള്ളൂർ സി.എച്ച്.സി.യിൽ കെട്ടിട-ഭൗതിക സൗകര്യങ്ങൾ ലഭ്യമാണ്. 62 കിടക്കകളുള്ള ടി സ്ഥാപനത്തിൽ പ്രതിദിനം ശരാശരി ഒ.പി. 226 ആണ്. ടി കേന്ദ്രത്തെ സി.എച്ച്.സി. നിലവാരത്തിലെത്തിക്കുന്നതിന് അധിക തസ്തികകൾ ആവശ്യമാണ്. എന്നാൽ നിലവിൽ ആർദ്രം മാനദണ്ഡമനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം മാത്രമാണ് സർക്കാർ പരിഗണനയിലുള്ളത്. സംസ്ഥാനത്ത് 162 ബ്ലോക്ക് തല കമ്മ്യൂണിറ്റി ഹൽത്ത് സെന്ററുകളിൽ 76 എണ്ണം ഈ വർഷം രോഗീസൗഹൃദരീതിയിൽ വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. പ്രസ്തുത പട്ടികയിൽ കരിവെള്ളൂർ സി.എച്ച്.സി. ഉൾപ്പെട്ടിട്ടുണ്ട്. |

Hari
സെക്ഷൻ ഓഫീസർ